


# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 13 No.5 Newsletter May 2015



'അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു' (അ. പ്ര. 2:3).

# വാർത്തകൾ

## അഭിനന്ദനങ്ങൾ



ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടി വിജയിച്ച കേരൻ ജോൺ. നിർമ്മല ഭവൻ സ്കൂൾ വിദ്യാർത്ഥിനിയാണ്. പിതാവ്: ജസ്റ്റിൻ വിൽസ് ജെ.എൽ, മാതാവ്: ഗീത ജോയി ഡി (കുടുംബ നമ്പർ: 1227, കെസ്റ്റൺ റോഡ്).

### വി.ബി.എസ് 2015

ഈ വർഷത്തെ വി.ബി.എസ് ഏപ്രിൽ 1 മുതൽ ഏപ്രിൽ 11 വരെ നടക്കുകയുണ്ടായി. 290 കുട്ടികളും 40 അധ്യാപകരും പങ്കെടുത്തു. നമ്മുടെ സഭാശുശ്രൂകർക്ക് പുറമെ ശ്രീ. പി.യു.തങ്കച്ചൻ & ടീം (ചൈൽഡ് ഇവാഞ്ചലിസം ഫെല്ലോഷിപ്പ് ഓഫ് ഇന്ത്യ) വി.ബി.എസ്സിന് നേതൃത്വം നൽകി.

### വിശുദ്ധവാരം 2015

വിശുദ്ധവാരത്തോടനുബന്ധിച്ച് പ്രത്യേക ധ്യാനയോഗങ്ങൾ നടക്കുകയുണ്ടായി. റവ. മനോഹരൻ, റവ. പ്രസാദ് ദാസ്, വെരി.റവ. മാത്യു മാത്യു, റവ. ഡി. ജേക്കബ്, ബെഞ്ചമിൻ മോസസ് എന്നിവർ സന്ദേശം നൽകി. ദു:ഖവെള്ളിയാഴ്ച ദിവസം സി.ഇ.വൈ.എഫിന്റെ നേതൃത്വത്തിൽ കട്ടൻ കാപ്പിയും ഉച്ചകഞ്ഞിയും വിതരണം ചെയ്യുകയുണ്ടായി. ഈസ്റ്റർ ദിവസം വൈകുന്നേരം ചർച്ച ക്വയറിന്റെ ആഭിമുഖ്യത്തിൽ 'ഈസ്റ്റർ ഗാനസന്ധ്യ' സംഘടിപ്പിക്കുകയുണ്ടായി.

### ഈസ്റ്റർ സിംഫണി

സി.ഇ.വൈ.എഫിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 4-ന് നൂറോളം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ഈസ്റ്റർ സിംഫണി സംഘടിപ്പിച്ചു.

### പ്രത്യേക അറിയിപ്പ്

നമ്മുടെ സഭാംഗങ്ങളുടെ മേൽവിലാസമോ ഫോൺ നമ്പരോ മാറ്റമുണ്ടെങ്കിൽ ആ വിവരം മേയ് 15-ന് മുമ്പായി ചർച്ച് ഓഫീസിലോ സഭാകമ്മറ്റി അംഗമായ ശ്രീ. ജോഷി ദാസിനെയോ (ഫോൺ: 9446052121) അറിയിക്കേണ്ടതാണ്. email: mateermemorialchurch@yahoo.co.in

### സഭാകമ്മിറ്റി അംഗം

നമ്മുടെ സഭാകമ്മിറ്റി അംഗമായ ശ്രീ. റ്റി. ജയകുമാർ ആൽഫ്രഡ് വിദേശത്ത് പോയതിനാൽ ഡീഖൻ സ്ഥാനം രാജിവെച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ ശ്രീ. സാം മോസസ് നിയമിതനായിയി.

## YFF Family Bible Quiz 2015

Date: **June 14th** (Prelims), **July 26th** (Finals)
Topics: I Kings, II Kings & Acts of Apostles | Language: English/ Malayalam
Registration started. For details: Contact Church Office

**YFF Secretary, 9446702064**

# CHURCH VOICE

13th year of publication

**MAY 2015**

**CHIEF EDITOR**
Rev. T. Selvarajan

**EDITOR**
R. Sajan Samson

**SUB-EDITOR**
Manoj Kumar Ebenezer

**EDITORIAL BOARD**
Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**CIRCULATION MANAGER**
Zaem Enock

**ADDRESS:**
The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :
churchvoice@gmail.com
before 15th of every month

Church Voice can be read online at our website
www.mateermemorialchurch.com

Printed at:
Grace Printers
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan (President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. M. Sam Moses | 2311754 | 9447011754 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



## THE ATTITUDE OF THE CHURCH TOWARDS LABOUR AND LABOURERS

After God Jehovah created man on the sixth day, he saw that the work, which was finished till the day was very good. He was contented in his works and hence decided to rest on the seventh day. After a while in Exodus 20:8 to 11God speaks to Moses about work. In verse 9 we read "six days you shall labour and do all your work". God has given us six days for intense work and the seventh day should be the day of rest. In fact this is the attitude of the Church towards labour or work. The people of God should concentrate in their work for six days, but sanctify the seventh day for our God.

Some people give undue importance to their work. They even desire to work on Sundays. But Lord Jesus in St. Luke 20: 25 says"Then give to the emperor the things that are emperor's and to God the things that are God's."Work or labour should be done in the days allotted for the same only. This should be the policy of all the labourers who are the people of God.

The Church wants all its people to do their assigned work at appropriate times. God loves those who do their duties promptly and it is evident from the words of Jesus himself as we read in St. Mathew 11:28. "Come to me all you that are weary and are carrying heavy burdens, and I will give you rest".

**Consideration of Church to the labourers:**

Since Jesus gives due consideration to labourers, the child of Jesus ought to give consideration to labourers. Each and every member of the church, do labour in one way or another. The labour may be spiritual or physical. Idleness should be discouraged by the Church at any cost.

Consideration to those who work, is emphasized in the parable of talents. The man who was given ten talents (points) did business and made ten more, likewise the man who was given Five Talents made five more. They were appreciated and rewarded by their master. But the idle man who was given one talent did no business and returned it to the master, saying excuses was scolded and punished by the master.

**Due value should be given to work:**

In I Thessalonians 2:9 it is said "Your remember our labour and

toil, brothers and sisters: we worked night and day so that we might not burden any of you while we proclaimed to you the gospel of God".

Here we can observe another thing. Doing God's work only cannot merely be considered as a labour or work. St. Paul as he did Gospel work among Thessalonians, did not confine his work in that field itself. He could live in an idle manner. Simply preaching the Gospel and consider it as a means of livelihood. But inspite of that he laboured otherwise and earned his livelihood and in addition to that labour he did God's work.We learn that he was an expert in tent work. So apart from the activities regarding Gospel, one should do physical work to earn his livelihood.

But it should not be confused with the livelihood of a missionary. A missionary who is appointed by a Church or organization is a person who receives remuneration for his work. He concentrates his labour in the field of Gospel. He works hard for our Lord. In Leviticus 2:10 it is said. "And what is left of the grain offering shall be for Aaron and his sons; it is a holy part of the offerings by fire to the Lord." From these portions it is evident that the Levites made their livelihood out of the sacrifices brought by the people before God.

These are the attitudes of Church towards the labour of te people of God. Then what about the labour assigned to Church?

**THE LABOUR OR DUTY OF CHURCH:**

St. Mark Chapter 1; verse 15 says. "And he said to them, "Go into all the world and proclaim the good news to the whole creation".

The duty of the church is to proclaim the Gospel. All the Christian denominations have accepted this command and are doing the work of Lord since his ascension. But did they succeed in this venture? No. Why? If the entire churches of the world aligned under the single banner of Jesus, things would have been different. But our disunity is the hindrance to the spreading of His Kingdom.

Hence we are crucifying our Lord again and again by or deeds. It is hightime to stop controversies and disputes and to unify ourselves under Jesus Christ our Lord and Saviour. Then only our work will succeed. So the church ought to do its work. Consider the workers, and give due value to work, and if that duty is fulfilled, we will be strengthened to stand before our Mighty King on the day of judgment.

May God Bless You All.

**Rev. T. Selvarajan**
Presbyter-in-Charge



Dear Friends,

God desires that each one of us acknowledge the Lordship of Jesus Christ in our lives. Once we willingly open our hearts for the risen Saviour, He will definitely occupy the throne of our life so that we will enjoy the peace that passeth all human understanding. The joy of the Lord for us is that we have a lively relationship with Him. He expects us to respond positively to Him and submit to His rule over us.

Many times in our busyness, we forget the fact that the Lord of the Universe is actively concerned about each one of us as individuals. Most often we fail to recognize God's imminent presence with us for the fact that His presence does not fit into our normal expectations. We are deeply engrossed in our own personal preoccupations. We fail to come out of our problems and keep worrying, being insensitive to the fact that the Master who calmed the tempestuous sea is with us always. What is our concern today?

The **VBS** concluded with a good turn-out of old and new students from our Church. A number of children from our sister Churches in the City was quite encouraging. The theme was quite heartening : "A new Heart". Several participants accepted Jesus Christ as Lord and Saviour and some dedicated their lives for Christian service.

**The Summer School of Church Music** enabled many children to grasp and grapple with the basics of Church Music. This annual exercise of equipping the younger generation will definitely tone up the quality of our Church Choir.

The Women's Fellowship and the Young Family Fellowship had their annual retreats during April, 2015.

On **Church Day**, ie. On the 10th of May, 2015, invitation is extended to all Pastors who served MM Church in the past and the Church will honour them by gifting a Stole.

It will be a Combined Communion service starting at 8.30am.

Offering will be received on the table. Members are encouraged to sit together as families in the Church service.

Confirmation Service for the new entrants will be held in the 4.15pm worship service on Sunday, 10/05/2015.

The Cemetery chapel charges have been enhanced from Rs.250/- to Rs.350/-.

All Church members are requested to co-operate with Deacons when they approach you to furnish information in the format designed to obtain details of official designation of Church members.

The following financial aid was granted:

**Medical Aid:**

Rev. Y. Ratnaraj (Former City Mission Worker) - Rs. 2,500/-

**Marriage Aid:**

Smt. Thresial G, Irumbil - Rs. 2,500/-

Smt. Jalaja Kumari, Kottukonam - Rs. 3,000/-

Mr. Nesamony, Kuthirakulam - Rs. 3,000/-

**Educational Aid:**

Mr. Pushparajan, Kodiyannoorkonam - Rs. 4,000/-

**House Maintenance:**

Smt. D Sarojam, Vilappilsala - Rs. 5,000/-

In response to the letter from CNI Phulbani Church, resolved to send the second instalment of Rs.1,00,000/- towards construction of Church building at Khandamal.

Our Diocese has arranged Ordination Service for Pastors in our Church on 24/05/2015.

In order to facilitate the Ordination Service, we have rescheduled the meeting of the **General Body** of the Church (Budget session) to be held on 31/05/2015.

The beggar menace in the Church campus during Worship services on Sundays is increasing. While engaging additional security guard, Church members are requested not to encourage these people

by giving alms in the Church campus.

**Obituary:**

Mrs. Irene Bernard, Plamoodu (Family No.1282) expired on 24/03/2015 and was buried in our Cemetery on 25/03/2015.

Mrs. Rajam Joseph, Peyad (Family No.1937) expired on 02/04/2015 and was buried in our Cemetery on 03/04/2015.

Mr. Vinod J. C, Nanthencode (Family No.852) elder son of Mr. Jayadas J.T expired on 08/04/2015 due to sudden illness and was buried in our Cemetery on 09/04/2015.

Mr. Anith Charles, Nanthencode: (Family No.870) younger son of Mr. Ismael Manohar Lal expired on 12/04/2015 having met with an accident at Varkala beach. Burial was conducted in our Cemetery on 13/04/2015.

Please do visit and pray for the bereaved family members.

Yours in His Ministry,

**Dr. Christenson E. Sarasam**
Church Secretary



## പ്രതിവാര ധ്യാനം

**മേയ് 2015**

മേയ് 03, 2015 ഒന്നാം ഞായർ
വിഷയം: **ക്രിസ്തുവിലുള്ള വിശ്വാസം: പുനരുത്ഥാനം**
2.രാജ.4:27-37, സങ്കീ.90, അ.പ്ര.26:12-23, യോഹ.11:17-28

മേയ് 10, 2015, 177-ാം സഭാദിനം
വിഷയം: **ദൗത്യപ്രതിഫലനത്തിനായുള്ള ക്രിസ്തുവിന്റെ ക്ഷണം**
യെഹ.34:25-31, സങ്കീ.47, 1.പത്രൊ.2:1-10, യോഹ.20:19-23

മേയ് 17, 2015, മൂന്നാം ഞായർ
വിഷയം: **പരിശുദ്ധാത്മാവിനായുള്ള കാത്തിരിപ്പ്**
യെശ.40:25-31, സങ്കീ.51, അ.പ്ര.1:1-11, ലൂക്കൊ.24:44-49

മേയ് 24, 2015, പെന്തക്കോസ്തു ഞായർ
വിഷയം: **പരിശുദ്ധാത്മാവേ വന്ന് ഞങ്ങളെ പുതുക്കണമേ**
യെഹ.37:1-14, സങ്കീ.104:24-35, അ.പ്ര.2:1-13, യോഹ.16:1-11

മേയ് 31, 2015, ത്രിത്വ ഞായർ
വിഷയം: **ത്രിയേക ദൈവത്തെ ഞങ്ങൾ ആരാധിക്കുന്നു**
ഉൽപ്പ.1:1-28, സങ്കീ.2, 2.കൊരി.13:11-14, യോഹ.1:1-18

# പരിശുദ്ധാത്മാവേ വന്ന് ഞങ്ങളെ പുതുക്കണമേ

റവ. സി.ആർ. വിൻസെന്റ്

പെസഹ പെരുന്നാൾ കഴിഞ്ഞ് 50 ദിവസത്തിനുശേഷമുള്ള ദിവസമാണ് പെന്തക്കോസ്ത് ഞായർ. അപ്പോസ്തലന്മാരുടെ മേൽ പരിശുദ്ധാത്മാവ് കൊടിയ കാറ്റടിക്കുന്ന മുഴക്കത്തോടുകൂടെ പിളർന്നിരിക്കുന്ന അഗ്നിനാവുകൾ പോലെ ഇറങ്ങിവന്ന്, മൂവായിരത്തോളം പേർ പത്രോസിന്റെ ഒറ്റ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ട നാളായതുകൊണ്ട് സഭയുടെ പിറന്നാൾ ദിവസമായി പെന്തക്കോസ്ത് ഞായറിനെ വേദപുസ്തക പണ്ഡിതന്മാർ കരുതാറുണ്ട്. ഈ വർഷം മേയ് 24-ാം തീയതി പെന്തക്കോസ്ത് ഞായറായി സഭ ആചരിക്കുന്നു.

പുതുമ എല്ലാവരും ഇഷ്ടപ്പെടുന്നു. പുതുമയുടെ ഉറവിടം പരിശുദ്ധാത്മാവാണ്. പഴയത് മാറ്റി പുതിയ അനുഭവം നൽകുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. സൃഷ്ടിയിലും സൃഷ്ടിയുടെ പുതുക്കത്തിലും സൃഷ്ടിയുടെ നിലനിൽപ്പിലും എല്ലാം പരിശുദ്ധാത്മാവ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവേ വന്ന് ഞങ്ങളെ പുതുക്കണമേ എന്നത് ഒരു പ്രാർത്ഥനയാണ്. ദൈവാത്മപ്രേരിതമായ മനുഷ്യമനസ്സിന്റെ നൊമ്പരമാണിത്. ഇംഗ്ലണ്ടുകാരിയായ മിസ് ക്രിസ്റ്റീന വുഡ് പറയുന്നത് 'ഒരേ അച്ചിൽ വാർക്കുകയല്ല; വ്യത്യസ്തത സൃഷ്ടിക്കുകയാണ് ദൈവം ചെയ്യുന്നത്'.

### 1. പുതുക്കം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

ദൈവത്തിന്റെ കാര്യസ്ഥനായ പരിശുദ്ധാത്മാവാണ് പുതുമ നൽകുന്നത്. ദൈവാത്മ പ്രേരിതമായി സദ്വർത്തമാനം ഘോഷിക്കുന്ന അഭിഷിക്തനാണ് സൃഷ്ടിക്ക് അതിന്റെ വികലത മാറ്റി, പൂർണ്ണത നൽകി പുതുക്കുന്നത് (യെശ.61:1-4). ഇത് ദൈവത്തിന്റെ ഒരു പദ്ധതിയാണ്; പ്രക്രിയയാണ്. ദൈവപുത്രനായ ക്രിസ്തു ലോകത്തിൽ അവതരിച്ചതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് (ലൂക്കോ.1:34-35, മത്താ.1:20-21). പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമായാണ് ദൈവരാജ്യപ്രവർത്തനങ്ങൾ കാണുന്നതിന് മനുഷ്യന് കഴിഞ്ഞത്. സകലസത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവ് മനുഷ്യനെ മാത്രമല്ല സകല സൃഷ്ടിയെയും പുതുക്കുന്നു. വെളിപ്പാട് 21:1-ൽ പുതിയ ആകാശവും പുതിയ ഭൂമിയും കാണുന്നത് ഇതിനു നിദർശനമാണ്. നിർജീവമായതിനെ ജീവനുള്ള ദേഹിയാക്കി മാറ്റുവാൻ കഴിവുള്ള ദൈവത്തിന്റെ വാക്കുകൾ: യെഹ.37:4-10.

### 2. പുതുക്കം സൃഷ്ടിയിൽ

ഒരു ശിശു ജനിച്ചു കഴിഞ്ഞാൽ അതിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളായ ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിവയിൽ ശ്രദ്ധിച്ചാലും പുതുമ തന്നെ ഓരോ ഘട്ടങ്ങളിലും കാണാനാകും. ഓരോ

നാളും ദൈവം പുതിയത് സൃഷ്ടിക്കുന്നു. പുതിയ പകലും പുതിയ രാത്രിയും സൃഷ്ടിക്കുന്നതിലൂടെ കാലാവസ്ഥ തന്നെ പുതുമയോടെ വിവിധ ഋതുഭേദങ്ങളുള്ളതായി ഉഷ്ണകാലം, മഴക്കാലം, ശൈത്യകാലം, വസന്തകാലം എന്നിങ്ങനെ കാലത്തിൻ വ്യത്യസ്തത അണിയിക്കുന്നു. സൃഷ്ടിയിലെ പുതുമ ഉൽപ്പ.2:21,22-ൽ യഹോവയായ ദൈവം മനുഷ്യന് ഒരു ഗാഢനിദ്ര വരുത്തി അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് മാംസം പിടിപ്പിച്ച് പുതിയ സൃഷ്ടിയെ - ഒരു സ്ത്രീയെ നിർമ്മിച്ചതായി വായിക്കുന്നു. മരുഭൂമിയും നിർജ്ജന പ്രദേശവും പുതുമ സ്വീകരിക്കുന്നത് യെശ.43:19-21 വരെ രേഖപ്പെടുത്തിയിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ശക്തി മനുഷ്യനിൽ പുതുമ സൃഷ്ടിക്കുകയും ആ പുതുമ പ്രപഞ്ചത്തിനു വേണ്ടി പ്രയോജനപ്പെടുത്തുകയും ചെയ്യും. നശീകരണ പ്രവർത്തനങ്ങളിൽ ശ്രദ്ധിച്ചിരുന്ന മനുഷ്യൻ ഇന്ന് പ്രപഞ്ചത്തിന്റെ സംരക്ഷിക്കേണ്ടത് ആവശ്യമാണെന്ന് വിശ്വസിക്കുന്നു.

സങ്കീ.98:1-ൽ യഹോവയ്ക്ക് ഒരു പുതിയ പാട്ടുപാടുവിൻ. എന്തെങ്കിലും പുതിയ കാര്യം ചെയ്യുകയാണ് ദൈവത്തിന്റെ ഇഷ്ടം. പുതുമയ്ക്കായി ദൈവം ചെത്തി വെടിപ്പാക്കുന്നു (യോഹ.15:2). പുതിയ ആത്മാവും പുതിയ ഹൃദയവും ദൈവത്തിന്റെ ചട്ടങ്ങളും വിധികളും ആചരിക്കേണ്ടതിന് നൽകുന്നു (യെഹ.11:19-20).

### 3. പുതുക്കത്തിന് ത്യാഗം ആവശ്യം

1 പത്രൊ.1:7-ൽ തീയിൽ ശോധന കഴിക്കുന്ന പൊന്നിനെപ്പോലെ പുതുക്കത്തിനായി ക്രിയാത്മക സമീപനത്തോടെ ത്യാഗമനോഭാവത്തോടെ ദൈവസന്നിധിയിൽ വിധേയപ്പെടേണ്ടത് ആവശ്യമാണ്. പുതുക്കത്തിന് വിശ്രമവും കാത്തിരിപ്പും ആവശ്യം തന്നെ. ദൈവമക്കളായ നാം ദൈവമുമ്പാകെ ധ്യാനമനസ്സുള്ളവരായിത്തീരുന്നതാണ് പുതുമയ്ക്ക് നിദാനം. നിങ്ങൾ ശക്തി ലഭിക്കുവോളം യെരുശലേമിൽത്തന്നെ കൂടിയിരിക്കണം. ഒരു വ്യക്തിയിലുണ്ടാകുന്ന മാറ്റം അവന് സ്വന്തമല്ല. മറ്റുള്ളവരെക്കൂടെ രൂപാന്തരപ്പെടുത്തുന്നതിനുള്ളതാണ്. സാഹചര്യങ്ങളും സന്ദർഭങ്ങളും സൃഷ്ടിയുടെ രൂപാന്തരത്തിനായി ദൈവം നൽകുന്നു. അതിനാൽ കാത്തിരുന്ന് ദൈവത്തിൽ നിന്ന് ശക്തി പ്രാപിക്കണം.

സർവ്വസൃഷ്ടിയേയും പുതുക്കുന്നതിന് ആഗ്രഹിക്കുന്ന ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചു. മനുഷ്യന്റെ ജീവനെ മാത്രമല്ല മുഴുപ്രപഞ്ചത്തേയും പുതുക്കി പാപത്തിൽ നിന്ന് വീണ്ടെടുത്ത് ഉയിർപ്പിന്റെ നവജീവൻ നൽകി. ആ നവീകരണത്തിന് ദൈവപുത്രൻ കഠിനമായ ത്യാഗം സഹിച്ചു. ഈ ത്യാഗം സഹിക്കുന്നതിന് നാം തയ്യാറാകുന്നതിലൂടെയാണ് പരിശുദ്ധാത്മാവിന് നമ്മെ പുതുക്കാൻ കഴിയുന്നത്.

പുതുമ അനുഭവിക്കാൻ നാം നമ്മെത്തന്നെ ത്യജിച്ച് നമ്മുടെ ക്രൂശെടുത്ത് കർത്താവിനെ അനുഗമിക്കണം (മത്താ.16:24). സൃഷ്ടിയിൽ ഒളിഞ്ഞിരിക്കുന്ന പുതുമ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ സർവ്വസൃഷ്ടിക്കും നൽകുന്നു. അത് അനുഭവിക്കുന്നതിന് നമ്മെത്തന്നെ സമർപ്പിക്കാം.

# ദൈവത്തിന്റെയും നക്ഷത്രങ്ങളുടെയും ഭാഷയറിഞ്ഞ മലയാളത്തിന്റെ മിഷനറി ഡോ. ഹെർമൻ ഗുണ്ടർട്ട്

**ജോസ് ചന്ദനപ്പള്ളി**



കേരളത്തിൽ വൈദേശിക ക്രിസ്ത്യൻ മിഷനറിമാരുടെ സാഹിത്യ പ്രവർത്തനങ്ങൾ ആധുനിക മലയാള ഭാഷയുടെയും സാഹിത്യത്തിന്റെ ചക്രവാളങ്ങളെ വികസിപ്പിക്കുന്നതിൽ സഹായക മായിട്ടുണ്ട്.

18-ാം ശതകത്തിന്റെ അവസാന വർഷങ്ങളിലും 19-ാം ശതകത്തിന്റെ ആദ്യ ദശകങ്ങളിലും കേരളത്തിൽ വന്ന പ്രോട്ടസ്റ്റന്റ് മിഷനറിമാർ വിലയേറിയ ഗ്രന്ഥങ്ങൾ കൊണ്ട് മലയാളഭാഷയെയും സാഹിത്യത്തെയും പോഷിപ്പിക്കുന്നതിൽ തങ്ങളുടെ കത്തോലിക്കാ സഹോദരർക്ക് ഒട്ടും പിന്നിലായിരുന്നില്ല. റോബർട്ട് ഡ്രമ്മണ്ട് 1799-ൽ മലയാളഭാഷാ വ്യാകരണം 1799-ൽ ബോംബെയിൽ നിന്ന് പ്രസിദ്ധപ്പെടുത്തി. എഫ്.സ്പ്രിങ് തന്റെ സ്വന്തം കൃതിയായ മലയാളവ്യാകരണം പുറത്തിറക്കിയപ്പോൾ 1846-ൽ ചർച്ച് മിഷൻ സൊസൈറ്റിയിലെ ബഞ്ചമിൻ ബെയലി ഒരു മലയാളം ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധപ്പെടുത്തി. ഡോ: ഹെർമ്മൻ ഗുണ്ടർട്ടിന്റെ മലയാളഭാഷാ വ്യാകരണം പുറത്തുവന്നത് 1851-ലാണ്. വിജ്ഞാന സേവനത്തിന്റെയും ജനക്ഷേമ പ്രവർത്തനങ്ങളുടെയും പേരിൽ പഴയ മലബാർ, വിശിഷ്യാ തലശ്ശേരി ഓർക്കുന്ന വിദേശ മിഷനറിമാർ മൂന്നുപേരാണ്. ഹെർമൻ ഗുണ്ടർട്ടും എഡ്വേർഡ് ബ്രണ്ണനും ലോഗനും. തലശ്ശേരിയുടെ വികസനത്തിൽ ബ്രണ്ണനും ലോഗനും വിലപ്പെട്ട സംഭാവനകൾ നൽകിയപ്പോൾ മലയാളത്തിന് ഈടുറ്റ വിജ്ഞാനം പകർന്ന് ഹെർമൻ ഗുണ്ടർട്ട് ശ്രദ്ധേയനായി.

മലയാളഭാഷയ്ക്കുവേണ്ടി ഡോ: ഹെർമ്മൻ ഗുണ്ടർട്ട് നടത്തിയ അക്ഷീണ പരിശ്രമങ്ങളുടെ കഥ 1838-ൽ ആരംഭിക്കുന്നു. അന്നാണ് അദ്ദേഹം ആദ്യമായി കേരളത്തിലെത്തിയത്. മലയാളവുമായുള്ള അദ്ദേഹത്തിന്റെ ആത്മബന്ധം തന്റെ അവസാന ശ്വാസം വരെ തുടരുകയും ചെയ്തു. **മലയാളഭാഷയിൽ ആദ്യത്തെ ശാസ്ത്രീയ ശബ്ദകോശമുണ്ടാക്കിയ മഹാൻ, മലയാളത്തിലെ കടിഞ്ഞൂൽ പത്രം രാജ്യസമാചാരത്തിന് തുടക്കമിട്ടയാൾ**

എന്നീ നിലകളിലും അദ്ദേഹം പ്രശസ്തനാണ്. പാഠപുസ്തകങ്ങളെക്കുറിച്ച് കേട്ടുകേൾവി പോലുമില്ലാതിരുന്ന ഒരു കാലത്ത് മലയാളിക്കുട്ടികളെ ഗണിതവും ശാസ്ത്രവും പഠിപ്പിക്കാനായി പാഠപുസ്തകങ്ങൾ എഴുതി അച്ചടിച്ചിറക്കിയതും ഡോ. ഗുണ്ടർട്ടു തന്നെ. മലയാളത്തിൽ ഒരു നല്ല ഗദ്യശൈലി രൂപപ്പെടുത്തിയതിൽ വലിയ പങ്കുവഹിച്ച ഡോ. ഗുണ്ടർട്ടിന്റെ 201-ാം ജന്മദിനമായിരുന്നു ഇക്കഴിഞ്ഞ ഫെബ്രുവരി മാസം നാലാം തീയതി.

കച്ചവടക്കാരനായ ലുഡ്വിഗ് ഗുണ്ടർട്ടിന്റെയും ക്രിസ്റ്റ്യാനോ എൻഡ്ലിന്റെയും മൂന്നാമത്തെ മകനായി ജർമ്മനിയിലെ സ്റ്റുട്ഗാർട്ട് നഗരത്തിൽ 1814-ലാണ് ഹെർമ്മൻ ജനിച്ചത്. തുബിംഗൻ എന്ന സ്ഥലത്തായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സ്കൂളിൽ തനിച്ചുപോകാൻ മടിയായിരുന്ന മൂത്ത സഹോദരന് തുണയായി ആറാം വയസ്സിൽ സ്റ്റുഡ്ഗാർട്ട് ലത്തീൻ സ്കൂളിൽ പോയി തുടങ്ങുന്നതോടെ അക്ഷരങ്ങളുമായി ഗുണ്ടർട്ട് ആത്മബന്ധം സ്ഥാപിക്കുന്നു. പതിമൂന്നാം വയസ്സിൽ മാൾബ്രോൺ വിദ്യാലയത്തിൽ ചേർന്നു. ഹീബ്രു, ലാറ്റിൻ, ഗ്രീക്ക്, ഇംഗ്ലീഷ്, ഫ്രഞ്ചു ഭാഷകളുമായി പരിചയപ്പെടുന്നത് ഇക്കാലത്താണ്. ഈ വിദ്യാലയ ജീവിതത്തിനിടയിൽ പതിനാറാം വയസ്സിൽ, മത നവീകരണത്തിനു ശേഷമുണ്ടായ മുപ്പതുവർഷ യുദ്ധത്തെക്കുറിച്ച് ഗുണ്ടർട്ട് തയ്യാറാക്കിയ പ്രഭാഷണത്തിൽ ഭാഷാ പ്രയോഗത്തിൽ സൂക്ഷ്മത പാലിക്കുവാനുള്ള തീവ്രശ്രമങ്ങൾ കാണാം. മിഷനറി പ്രവർത്തകനായ സ്റ്റെഫാൻ ഗ്രെല്ലറുമായി ബാല്യകാലത്തുതന്നെ ഹെർമ്മൻ പരിചയം സ്ഥാപിച്ചിരുന്നു. സുവിശേഷ പ്രവർത്തനങ്ങളുടെ ആദ്യകിരണങ്ങൾ അങ്ങനെയായിരിക്കണം ഹെർമനിൽ എത്തിച്ചേരുന്നത്. പിതാവിന്റെ വഴിയും ഏറെ വ്യത്യസ്തമായിരുന്നില്ല. തന്റെ പിതാവ് സ്ഥാപിച്ച സ്റ്റട്ഗാർട്ട് മിഷൻ മാസികയുടെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടറിഞ്ഞാണ് ഹെർമൻ വളർന്നതും. ആ മാസികയിൽ അച്ചടിച്ചുവന്ന സുചിത്ര ഫീച്ചറുകളിൽ നിന്നാണ് ഇന്ത്യയെക്കുറിച്ച് ഗുണ്ടർട്ട് ആദ്യമായറിയുന്നത്. ഒൻപതു വയസ്സുകാരനായ ഹെർമനിൽ സുവിശേഷ പ്രചരണത്തിന്റെ വിത്തെറിഞ്ഞത് തന്റെ പിതാവ് അച്ചടിച്ചിറക്കിയ മാസിക തന്നെയായിരുന്നു. സ്കൂൾ പഠനകാലത്ത് ഗുണ്ടർട്ട് ചരിത്രം, ഭൂമിശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിലും പ്രാവീണ്യം നേടി.

സ്വിറ്റ്സർലണ്ടിലും ഇംഗ്ലണ്ടിലും ഗുണ്ടർട്ട് ഉപരിപഠനം നടത്തി. സ്വിറ്റ്സർലണ്ടിലെ സർവ്വകലാശാലയിൽ നിന്ന് ഡോക്ടർ ഓഫ് ഫിലോസഫി ബിരുദം നേടി. 1831-ൽ ട്യൂബിങ്ങ്ഗൺ സർവ്വകലാശാലയിൽ പഠിക്കുന്ന കാലത്താണ് സംസ്കൃതഭാഷയുമായി പരിചയപ്പെടുന്നതും. പിൽക്കാലത്ത് തലശ്ശേരിയിൽ വച്ച് ഗുരുമുഖത്തുനിന്നും സംസ്കൃതം കൂടുതൽ ആഴത്തിൽ പഠിക്കാൻ അദ്ദേഹത്തെ സഹായിച്ചത്. പഠനകാലത്തെ അമ്മയുടെ മരണം ഗുണ്ടർട്ടിനെ ദൈവത്തോടടുപ്പിച്ചു. ഒരു സുവിശേഷ പ്രവർത്തകനാകാൻ പ്രേരണയായത് ഈ സംഭവമാണ്. വിദ്യാഭ്യാസത്തിന് ശേഷം ഹെർമൻ വൈദിക പഠനത്തിന് ചേർന്നു. ജർമ്മനിയിലെ മൗൾ ബ്രോണിലെ വൈദിക വിദ്യാലയത്തിൽ നിന്ന് വൈദിക ബിരുദം നേടി. സുവിശേഷ പ്രവർത്തനത്തിനായി നാട്ടിൽ തിരിച്ചെത്തിയ ഗുണ്ടർട്ടിനെ, പ്രേക്ഷിത പ്രവർത്തനവുമായി ലോകം ചുറ്റിയിരുന്ന അന്റോൺ നോറിസ് ഗ്രോവസ് (Norris Groves) എന്ന ഇംഗ്ലീഷ് പാതിരി, ഇന്ത്യയിലേക്ക് ക്ഷണിച്ചപ്പോൾ സന്തോഷത്തോടെ അദ്ദേഹം ആ ക്ഷണം സ്വീകരിച്ചു.

1835-ൽ തന്നെ ഇന്ത്യയിലേക്കു പോകാൻ ബാസൽ മിഷന്റെ ക്ഷണം ഗുണ്ടർട്ടിന് ലഭിച്ചെങ്കിലും കുറെക്കാലം ലണ്ടനിൽ താമസിച്ചതിനാൽ യാത്ര മാറ്റിവയ്ക്കുകയാണുണ്ടായത്. ഇംഗ്ലണ്ടിൽ താമസിച്ച ചുരുങ്ങിയ കാലഘട്ടത്തിൽ ഇംഗ്ലീഷ് ഭാഷ ശരിക്കും വശമാക്കാനും ബംഗാളിഭാഷ പരിചയപ്പെടാനും അവസരം ലഭിച്ചു. 1836 ഏപ്രിൽ 1 ന് ബാസൽ ജർമ്മൻ ഇവാഞ്ചലിക്കൽ മിഷന്റെ ആഭിമുഖ്യത്തിൽ മിഷനറി പ്രവർത്തനത്തിനായി ഗുണ്ടർട്ട് ഇന്ത്യയിലേക്ക് യാത്ര തിരിച്ചു. ആഫ്രിക്കൻ മുനമ്പു ചുറ്റിയുള്ള യാത്രയ്ക്കു മുമ്പു വീണുകിട്ടിയ ഏതാനും ദിവസങ്ങളിൽ തെലുങ്കു ഭാഷയുമായും പരിചയപ്പെട്ടു. ഫെർഫക്ടർ എന്ന കപ്പലിൽ മിഷനറി പ്രവർത്തകനായ നോറിസ് ഗ്രോവ്സുമൊന്നിച്ചായിരുന്നു യാത്ര. ബംഗാളായിരുന്നു ലക്ഷ്യം. അപ്രതീക്ഷിതമായി ഗ്രോവ്സ് യാത്ര പദ്ധതിയിൽ മാറ്റം വരുത്തി. ബംഗാളിലേക്കു പോകാതെ നേരെ മദ്രാസിലേക്ക്. 1836 ജൂലൈ 7-ന് ഗുണ്ടർട്ടും ഗ്രോവ്സും മദ്രാസിലെത്തി ഒരുമാസം അവിടെ. പോണ്ടിച്ചേരി, തഞ്ചാവൂർ, തിരുച്ചിറപ്പള്ളി എന്നിങ്ങനെ നീണ്ട ഒരു യാത്രക്കൊടുവിൽ ആന്ധ്രപ്രദേശിലെ ചിറ്റൂരിൽ എത്തിച്ചേർന്നു. അവിടെ ഒരു പാഠശാലയും പ്രാർത്ഥനാലയവും സ്ഥാപിച്ചു. ജൂലൈ 14-ന് സ്വിറ്റ്സർലണ്ടുകാരിയായ ജൂലിയ ഡിബോവ എന്ന മിഷനറി പ്രവർത്തകയും ഗുണ്ടർട്ടും ചിറ്റൂരിൽ വച്ച് വിവാഹിതയായി. ആന്ധ്രയിലും തമിഴ്നാട്ടിലും കർണാടകയിലുമായി വീണ്ടും യാത്രകൾ. മദ്രാസിലെ അല്പകാലത്തെ താമസത്തിനിടയിൽ അദ്ദേഹം യേശുക്രിസ്തുവിന്റെ ജീവിതത്തെ അധാരമാക്കി തമിഴിൽ ഒരു ഗ്രന്ഥം രചിച്ചു എന്നു പറയപ്പെടുന്നു.

1838-ൽ തിരുനെൽവേലിയിൽ താമസമാക്കിയ അദ്ദേഹം അതേവർഷം അവിടെനിന്നും തിരുവനന്തപുരം വഴി മംഗലാപുരത്തെത്തിച്ചേർന്നു. നെയ്യാറ്റിൻകര വഴി തിരുവനന്തപുരത്തെത്തിച്ചേർന്ന ഗുണ്ടർട്ട് സ്വാതിതിരുനാൾ മഹാരാജാവുമായി കൂടിക്കാഴ്ച നടത്തുകയും കുറെ ദിവസം തിരുവനന്തപുരത്ത് താമസിക്കുകയും മലയാളഭാഷയുമായി പരിചയപ്പെടുകയും ചെയ്തു. 1838 ഒക്ടോബറിലാണ് ഹെർമൻ ഗുണ്ടർട്ട് കേരളത്തിന്റെ തെക്കേ അറ്റത്ത് എത്തിയത്. കേരളം കണ്ടപ്പോൾ ഗുണ്ടർട്ട് ഇങ്ങനെ എഴുതി: “മലകളിലെല്ലാം പച്ചപ്പ്. വരണ്ട, കർണാട്ടിക് ദേശം കടന്നുവരുന്നവന് ഈ നാട് പറുദീസയാണ്.” തിരുവനന്തപുരത്തുനിന്നും വീണ്ടും യാത്ര മംഗലാപുരത്തേക്ക്. നവംബർ 2 ന് മംഗലാപുരത്ത്. പെൺപള്ളിക്കൂടവും സുവിശേഷപ്രവർത്തനവുമായി മംഗലാപുരം ജീവിതം തിരക്കുപിടിച്ചു വരുമ്പോൾ 1839 ജനുവരിയിൽ വടക്കേ മലബാറിലേക്ക് സുവിശേഷവേലയ്ക്ക് പ്രത്യേകമായി വിനിയോഗിക്കപ്പെട്ടു. തലശ്ശേരിയിൽ അഞ്ചരക്കണ്ടിയിൽ ബാസൽ മിഷൻ തുടങ്ങാനുള്ള അനുമതി ഗുണ്ടർട്ടിനു ലഭിച്ചു. അങ്ങനെ 1839 ഏപ്രിൽ 12 ന് പത്നി ജൂലിയോടൊപ്പം തലശ്ശേരിയിലെത്തി. മലബാർ കളക്ടറായിരുന്ന തോമസ് സ്ട്രേഞ്ച് സായിപ്പ് ബാസൽ മിഷന് നൽകിയ ഇല്ലിക്കുന്നിലെ ബംഗ്ളാവിൽ ഗുണ്ടർട്ട് താമസമാക്കി. അഞ്ചുദിവസം കഴിഞ്ഞ് കടിഞ്ഞൂൽ പുത്രന്റെ പിറവി - ഹെർമൻ.

ബംഗ്ലാവ് വളപ്പിൽ ഗുണ്ടർട്ട് ഒരു പള്ളി പണിതു. (ഗുണ്ടർട്ട് തലശ്ശേരി വിട്ടുപോയതിനുശേഷം ഈ പള്ളി നിലംപൊത്തിയെങ്കിലും പിന്നീട് പുനർനിർമ്മിച്ചു). കേരളസമൂഹത്തിന്റെയും മലയാളഭാഷയുടെയും വികാസ പരിണാമങ്ങളിലെ സുപ്രധാനമായ ഒരേടായിമാറി ഗുണ്ടർട്ടിന്റെ ഇല്ലിക്കുന്നിലെ പ്രവർത്തനങ്ങൾ. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിൽ

ആധുനിക വിദ്യാഭ്യാസത്തിന് തുടക്കമിട്ടത് ഗുണ്ടർട്ടാണ്. ഇതിനായി തലശ്ശേരിയിലെ നെട്ടൂരിൽ ആദ്യത്തെ ബാസൽ മിഷൻ സ്കൂൾ തുടങ്ങിയത് 1839 ലാണ്. ഗവൺമെന്റ് സ്കൂളിൽ പോലും സവർണ്ണർക്കുമാത്രം പ്രവേശനമുണ്ടായിരുന്ന അക്കാലത്ത് എല്ലാ ജാതിക്കാർക്കുമായി അദ്ദേഹം തന്റെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാതിൽ തുറന്നിട്ടു. 12 വിദ്യാർത്ഥികളായിരുന്നു തുടക്കത്തിൽ ആ വിദ്യാലയത്തിൽ ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ തുടർച്ചയായ പരിശ്രമങ്ങളുടെ ഫലമായി വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവന്നു. ഓരോ വീട്ടിലും ചെന്ന് രക്ഷിതാക്കളെ കണ്ട് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം നേരിട്ട് ബോധ്യപ്പെടുത്തി. അതിനായാണ് അദ്ദേഹം മലയാളം പഠിച്ചുതുടങ്ങിയത്. നാട്ടുകാരുമായി സംസാരിക്കുമ്പോൾ കിട്ടുന്ന ഓരോ പദത്തിന്റെയും അർത്ഥം വിപരീതം, പ്രാദേശിക സാമുദായിക വ്യത്യാസങ്ങൾ, പ്രായോഗിക രീതികൾ എന്നിവയെല്ലാം അദ്ദേഹം കുറിച്ചെടുത്തു പഠിച്ചു. ഗുണ്ടർട്ടിന്റെ ഏറെ പ്രശസ്തമായ മലയാള വ്യാകരണ ഗ്രന്ഥം, മലയാളം - ഇംഗ്ലീഷ് നിഘണ്ടു എന്നിവയുടെ പിറവിക്കു കാരണമായത് ഈ കുറിപ്പുകളാണ്. മലയാളഭാഷാ പഠനം ഗുണ്ടർട്ട് ഒരു തപസ്യയായി ഏറ്റെടുക്കുന്നത് ഇല്ലിക്കുന്നിലെത്തിയശേഷമാണ്. മിഷനറിയാകണോ അദ്ധ്യാപകനാകണോ എന്ന ആശയക്കുഴപ്പത്തിന് മിഷനറി ആയാൽ മതി എന്നുത്തരം കണ്ടെത്തുന്നതും അവിടെ വച്ചുതന്നെ.

1845-ൽ ഗുണ്ടർട്ട് സകുടുംബം ജർമ്മനിയിലേക്ക് പോയി. രണ്ടുവർഷം കഴിഞ്ഞ് തലശ്ശേരിയിൽ തിരിച്ചെത്തി. 1849 ഫെബ്രുവരിയിൽ ഇല്ലിക്കുന്നിൽ നിന്നും ചിറയ്ക്കലേക്ക് ഗുണ്ടർട്ടിന് മിഷനറി പ്രവർത്തനങ്ങളുടെ ഭാഗമായി മാറി താമസിക്കേണ്ടിവന്നു. ചിറയ്ക്കൽ ബാലികാ മന്ദിരത്തിലെ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അനുഭവപ്പെട്ട ശബ്ദതടസ്സം ഒടുവിൽ സംസാരശേഷി നഷ്ടപ്പെട്ട ഘട്ടം വരെയെത്തി. മലയാള വ്യാകരണ രചനയിലേക്കും ബൈബിൾ പരിഭാഷയിലേക്കും ഗുണ്ടർട്ടിന്റെ ശ്രദ്ധ തിരിയുന്നത് ഇക്കാലത്താണ് 1851-ൽ നീലഗിരിയിലേക്ക് പോയി. നീലഗിരിയിൽ നിന്നും മടങ്ങുമ്പോൾ ശബ്ദം ഏറെക്കുറെ തിരിച്ചുകിട്ടിയിരുന്നു. ഇല്ലിക്കുന്നത്ത് പള്ളി വരാന്തയിൽ സ്ഥാപിച്ച കല്ലച്ചുകൂടത്തിലാണ് കേരളത്തിലെ ആദ്യദിന പത്രമായ രാജ്യസമാചാരം 1847-ൽ പുറത്തിറങ്ങിയത്. മാസത്തിൽ ഒരെണ്ണമായിരുന്നു പ്രസിദ്ധീകരിച്ചത് 1847 ജൂൺ മുതൽ 1850 നവംബർ വരെ 42 ലക്കങ്ങൾ പുറത്തിറങ്ങി. അതിന് ശേഷം പ്രസിദ്ധീകരണം മുടങ്ങി. തുടർന്ന് ഇതേ രീതിയിൽ പശ്ചിമോദയം പുറത്തിറങ്ങി, 1851-ൽ മലയാള വ്യാകരണ ഗ്രന്ഥം അച്ചടിച്ചു പുറത്തിറങ്ങി.

1852-ൽ അന്നത്തെ മദ്രാസ് ഗവൺമെന്റ് ഡോ.ഗുണ്ടർട്ടിനെ മലബാറിലേയും തെക്കൻ കാനറയിലേയും സ്കൂൾ ഇൻസ്പെക്ടറായി നിയമനം ലഭിച്ചതിനെത്തുടർന്ന് വീണ്ടും മലബാറിലെത്തി. സ്കൂൾ ഇൻസ്പെക്ടർ എന്ന നിലയിൽ കോഴിക്കോടിനും മംഗലാപുരത്തിനും ഇടയ്ക്ക് നിരന്തരമായ യാത്ര ചെയ്യേണ്ടിവന്നതിനാൽ ആരോഗ്യം ക്ഷയിക്കാനിടയാക്കി. ഇതിനിടയിൽ പുതിയ ഒരു ഉത്തരവാദിത്വം ഗുണ്ടർട്ടിനെ തേടിവന്നു. മദ്രാസ് ഗവൺമെന്റ് സർവ്വീസിലെ പരീക്ഷാ കമ്മീഷൻ അംഗം. രോഗവും വിശ്രമമില്ലായ്മയും തകർത്തുകളഞ്ഞ ആരോഗ്യത്തിന്റെ പേരിൽ 1859-ൽ അദ്ദേഹം സ്കൂൾ ഇൻസ്പെക്ടർ സ്ഥാനം രാജിവച്ചു. 1859-ൽ ഗുണ്ടർട്ട് കേരളത്തിൽ നിന്ന് ജർമ്മനിയിലെ ബാസലിലേക്കു തിരിച്ചുപോയി.

ഇക്കാലത്താണ് മുടങ്ങിയപ്പോയ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിന്റെ നിർമ്മാണം പൂർത്തിയാകുന്നത്.

തലശ്ശേരി ഊരാച്ചേരി ഗുരുനാഥന്മാരിൽ നിന്ന് മലയാളഭാഷയെ അടുത്തറിഞ്ഞ ഗുണ്ടർട്ട് മലയാളഭാഷയുമായി നിത്യ പ്രണയത്തിലായി. 18 ഭാഷകൾ സ്വായത്തമാക്കിയിരുന്നു ആ ഭാഷാ കാമുകൻ. **1872-ൽ പുറത്തിറങ്ങിയ മലയാളം - ഇംഗ്ലീഷ് നിഘണ്ടുവാണ് ഹെർമൻ ഗുണ്ടർട്ടിന്റെ വിലപ്പെട്ട സംഭാവന. മലയാളനാട്ടിലെത്തിയ ഒരു വിദേശി മലയാളത്തിൽ ആധികാരിക ഗ്രന്ഥം രചിക്കുക എന്നത് അത്ഭുതാവഹമാണ്. നേരിൽ കാണുന്നവരോടൊക്കെ വസ്തുക്കളുടെ പേരുവിവരം ശേഖരിച്ചാണ് ഗുണ്ടർട്ട് ഈ ഭഗീരഥപ്രയത്നം പൂർത്തിയാക്കിയത്.** ചൊക്ലിയിലെ കുഞ്ഞി വൈദ്യൻ, ചോമ്പാലിലെ പൗൽചന്ദ്രൻ, കണ്ണൂരിലെ എബ്രഹാം മൂളിയിൽ എന്നിവരുമായുള്ള അടുത്ത സൗഹൃദവും ഇക്കാര്യത്തിൽ ഗുണ്ടർട്ടിനെ സഹായിച്ചിട്ടുണ്ട്. മലയാള വ്യാകരണം, ചോദ്യോത്തരം, പഴഞ്ചൊൽമാല, കേരളപ്പഴമ, മലയാളരാജ്യം, കേരളോത്പത്തി, ക്രിസ്തീയ വിശ്വാസം, ക്രിസ്തുസഭാ ചരിത്രം, സത്യവേദ ഇതിഹാസം, പാഠമാലാ പാഠാരംഭം, ക്രിസ്തീയ ഗീതങ്ങൾ, പഞ്ചതന്ത്രം, ലോകചരിത്രശാസ്ത്രം, പുതിയ നിയമം തർജ്ജുമ എന്നിങ്ങനെ 40 ലേറെ ഗ്രന്ഥങ്ങൾ ഗുണ്ടട്ടർട്ട് രചിച്ചു. 1868-ൽ മംഗലാപുരത്തുനിന്നും പ്രസിദ്ധപ്പെടുത്തിയ മലയാളഭാഷാ വ്യാകരണവും 1872-ൽ പ്രസിദ്ധപ്പെടുത്തിയ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും മാത്രം മതി മലയാളത്തിനുവേണ്ടി ഗുണ്ടർട്ട് ചെയ്ത സേവനങ്ങളുടെ ഗരിമയും, പെരുമയും വെളിപ്പെടുത്താൻ. 1874-ൽ മാറിയും, യൊഹാനസ് ഹെസ്സേയുമായുള്ള വിവാഹം. (ഇവരുടെ പുത്രനാണ് വിശ്വപ്രസിദ്ധ എഴുത്തുകാരനും നൊബേൽ ജേതാവുമായ ഹെർമൻ ഹെസ്സേ). 1885-ൽ ഭാര്യ ജൂലിയുടെ മരണം. അന്ത്യകാലത്ത് അങ്ങേയറ്റം അവശനായിരുന്നു ഗുണ്ടർട്ട്. 1893 ഏപ്രിൽ 25-ന് മഹോദരബാധയെ തുടർന്ന് ജർമ്മനിയിലെ കൊച്ചു പട്ടണങ്ങളിലൊന്നായ കാൽവിലിൽ നിദ്രപൂണ്ടു.

## വേണം ഒരു നിത്യസ്മാരകം

ഋഷിതുല്യൻ, അറിവിന്റെ അത്ഭുതം, ബഹുഭാഷാ പണ്ഡിതൻ, യാത്രികൻ, മഹാജ്ഞാനി ഇതിനൊക്കെ ഉപരിയായി മലയാളഭാഷയെ പ്രണയിച്ച, മലയാളിയെ പഠിക്കാൻ പഠിപ്പിച്ച ഒരു മഹാമുനിക്ക് തലശ്ശേരിയിൽ ഇന്നും ഒരു സ്മാരകം പോലുമില്ല എന്നതാണ് ദു:ഖസത്യം. നേരത്തെ പൈതൃക പദ്ധതിയിൽപ്പെടുത്തി ഇല്ലിക്കുന്ന് ബംഗ്ലാവിനെ സംരക്ഷിക്കാൻ പദ്ധതിയുണ്ടായിരുന്നെങ്കിലും ഒന്നും നടന്നില്ല. തലശ്ശേരി നഗരത്തിൽ നിന്നും രണ്ടര കിലോമീറ്റർ ദൂരെയുള്ള പ്രകൃതിരമണീയമായ ഗുണ്ടർട്ട് ബംഗ്ലാവും അനുബന്ധ സ്ഥാപനങ്ങളും അന്യാധീനപ്പെടാതെ സംരക്ഷിക്കേണ്ടതുണ്ട്. ഗുണ്ടർട്ട് സ്ഥാപിച്ച വൈദിക സെമിനാരിയും ഭോജനശാലയും ബംഗ്ലാവ് വളപ്പിൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. 1958 മുതൽ ഇവിടെ സി.എസ്.ഐ. സഭയുടെ കീഴിൽ സി.എസ്.ഐ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നതായി മനസ്സിലാക്കുന്നു. നാം കേരളീയർ മറന്നാലും ഗുണ്ടർട്ടിന്റെ സ്മരണ പുതുക്കുന്നതിനായി ഇന്നും അദ്ദേഹത്തിന്റെ പരമ്പരയിൽപ്പെട്ട ഡോ. ആൽബർട്ട് ഫ്രാൻസിനെപ്പോലുള്ളവർ ജർമ്മനിയിൽ നിന്നും ഇപ്പോഴും തലശ്ശേരിയിൽ എത്തുന്നു എന്നത് ഏറെ ആശ്വാസകരമാണ്.

NB: രണ്ടര വർഷം മുൻപ് ഈ ലേഖകൻ ഇല്ലിക്കുന്ന് സന്ദർശിക്കുമ്പോൾ ബംഗ്ളാവിന്റെ പിറകുവശത്തിന്റെ കുറെ ഭാഗങ്ങൾ കാടുമൂടികിടക്കുന്നതും പ്രധാന കെട്ടിടത്തിന് കേടുപാടുകൾ ഉള്ളതായും കാണുകയുണ്ടായി. ടെക്നിക്കൽ സ്കൂൾ പ്രവർത്തിക്കുന്നതുകാരണം ബംഗ്ളാവിന്റെ ഉൾവശം ചരിത്രകുതുകികൾക്ക് അപ്രാപ്യവുമാണ്.

*__ലേഖകൻ:__ പട്ടം സെന്റ് മേരീസ് റ്റി.റ്റി.ഐ. മുൻ പ്രിൻസിപ്പാളും, ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾസ് അസ്സോസിയേഷൻ മുൻ സംസ്ഥാന പ്രസിഡന്റുമാണ്. ദീർഘകാലം പട്ടം സെന്റ്മേരീസ് സ്കൂളിൽ അദ്ധ്യാപകനായിരുന്നു. ദിനപ്പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണനങ്ങളിലും വിദ്യാഭ്യാസ പംക്തി കൈകാര്യം ചെയ്യുന്നു. പട്ടം ചാലക്കുഴി ലെയിനിൽ സ്ഥിരതാമസം.*

---

## വി.ബി.എസ് 2015 - റിപ്പോർട്ട്

നമ്മുടെ സഭയിലെ ഈ വർഷത്തെ വി.ബി.എസ് ഏപ്രിൽ 1 മുതൽ ഏപ്രിൽ 11 വരെ നടക്കുകയുണ്ടായി. 'പുതിയൊരു ഹൃദയം' എന്നതായിരുന്നു ചിന്താവിഷയം. 290 കുട്ടികളും 40 അദ്ധ്യാപകരും പങ്കെടുത്തു. നമ്മുടെ സഭയിലെ അച്ചൻമാർക്ക് പുറമെ ശ്രീ. പി.യു.തങ്കച്ചൻ & ടീം (ചൈൽഡ് ഇവാഞ്ചലിസം ഫെല്ലോഷിപ്പ് ഓഫ് ഇന്ത്യ) നേതൃത്വം നൽകി. ഏപ്രിൽ 1 -ാം തീയതി റവ.സി. ആർ.വിൻസെന്റ് വി.ബി.എസ് ഉദ്ഘാടനം ചെയ്തു. നമ്മുടെ സഭയിലെ മറ്റ് പട്ടക്കാരും സഭാസെക്രട്ടറി ഡോ. ക്രിസ്റ്റിൻസൺ ഇ. സാരസവും ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. ഗാനപരിശീലനത്തിനും ക്ലാസ്സുകൾക്കും പുറമെ എല്ലാ ദിവസവും ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുമ്പും ക്ലാസ്സുകൾ അവസാനിച്ചതിനു ശേഷവും അധ്യാപക യോഗവും, കുട്ടികൾക്കായുള്ള ഗ്രേഡ് തിരിച്ചുള്ള ഡിവോഷനും ക്രമമായി നടന്നു. വി.ബി.എസ്സിനോട് അനുബന്ധിച്ച് നമ്മുടെ സഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന രോഗാവസ്ഥയിൽ കഴിയുന്ന മെറ്റിൽഡ എന്ന സഹോദരിക്ക് ചികിത്സാസഹായമായി 25,000 രൂപ ശേഖരിച്ച് നൽകി. ഏപ്രിൽ 5-ാം തീയതി വി.ബി.എസ് ഞായറായി ആചരിച്ചു. അന്നേ ദിവസം രാവിലെ 8 മണിക്കുള്ള മലയാളം ആരാധനയിൽ കുട്ടികളും അധ്യാപകരും വിവിധ ഭാഗങ്ങൾക്ക് നേതൃത്വം നൽകി. ശ്രീ. പി.യു.തങ്കച്ചൻ സന്ദേശം നൽകി. വി.ബി.എസ്സിനോട് അനുബന്ധിച്ച് കുട്ടികൾക്കായി നടത്തിയ ബ്യൂട്ടി ഡേ, ഇൻസ്പെക്ഷൻ ഡേ മത്സരങ്ങളിലും, വാക്യമെഴുത്ത്, ക്വിസ്സ് എന്നിവയിലും ധാരാളം കുട്ടികൾ താൽപ്പര്യത്തോടെ പങ്കെടുത്തു. എല്ലാ കുഞ്ഞുങ്ങൾക്കും പങ്കെടുക്കാവുന്ന രീതിയിൽ ക്ലാസ്സ് അടിസ്ഥാനത്തിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. വി.ബി.എസ്സിന്റെ സമാപന യോഗം ഏപ്രിൽ 11-ന് നടക്കുകയുണ്ടായി. ഇതോടനുബന്ധിച്ച് കുട്ടികളെയും അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് റാലി നടക്കുകയുണ്ടായി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. സമ്മാനദാനവും നടക്കുകയുണ്ടായി. ഈ വർഷത്തെ വി.ബി.എസ് വിജയകരമായി നടത്തുവാൻ സഹായിച്ച ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ സഭയിലെ അച്ചന്മാർക്കും, ഡയറക്ടർമാർക്കും, സാമ്പത്തികമായും മറ്റു കാര്യങ്ങൾക്കും സഹായിച്ച സഭാകമ്മറ്റിയോടും മാതാപിതാക്കളോടും വി.ബി.എസ്സിൽ പങ്കെടുത്ത കുട്ടികൾക്കും അധ്യാപകർക്കും ഗ്രൂപ്പ് ലീഡറായി പ്രവർത്തിച്ചവർക്കും വി.ബി.എസ്സ് ഓഫീസ് ചുമതല വഹിച്ച ശ്രീ. വിൽസൺ, ശ്രീ. ക്രിസ്തുദാസ് എന്നിവരോടുമുള്ള നന്ദി അറിയിച്ചു കൊണ്ട് റിപ്പോർട്ട് ചുരുക്കുന്നു.

*റിപ്പോർട്ട് തയ്യാറാക്കിയത് : ഐറിൻ സി.എൽ, സണ്ടേസ്കൂൾ അദ്ധ്യാപിക*

ലേഖനം

# നിത്യാവകാശം സംരക്ഷിക്കുവാൻ മറക്കരുതേ!

**ബെഞ്ചമിൻ മോസസ്**

**നിത്യാവകാശം നൽകുന്ന ദൈവം**

നിങ്ങൾക്കു ആത്മീകവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ **അവകാശം** തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു (അ പ്ര 20:32).

യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്ക് **അവകാശമായി** തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളത് (സങ്കീ 33:12).

എന്റെ **അവകാശത്തിന്റെയും** പാനപാത്രത്തിന്റെയും പങ്ക് യഹോവ ആകുന്നു; നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു (സങ്കീ 16:5).

യഹോവ നിഷ്കളങ്കന്മാരുടെ നാളുകളെ അറിയുന്നു; അവരുടെ **അവകാശം** ശാശ്വതമായിരിക്കും (സങ്കീ 37:18).

**നിത്യാവകാശം പ്രാപിക്കുവാനായി വീണ്ടും ജനിച്ചവരാണ് ദൈവമക്കൾ**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി, അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ **അവകാശത്തിനായി** തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു (1പത്രോ 3-5).

അതു നിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട് **നിത്യാവകാശത്തിന്റെ വാഗ്ദത്തം** വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിന് അവൻ പുതിയ നിയമത്തിന്റെ മധ്യസ്ഥൻ ആകുന്നു (എബ്രാ 9:15).

**മുന്നറിയിപ്പുകൾ**

അന്യായം ചെയ്യുന്നവർ ദൈവരാജ്യം **അവകാശമാക്കുകയില്ല** എന്ന് അറിയുന്നില്ലയോ? നിങ്ങളെത്തന്നേ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം **അവകാശമാക്കുകയില്ല** (1 കൊരി.9,10).

ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ **അവകാശം ഇല്ല** എന്നു നിങ്ങൾ അറിയുന്നുവല്ലോ (എഫെ 5:5).

ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം **അവകാശമാക്കുകയില്ല** എന്നു ഞാൻ

മുമ്പേ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു (ഗലാ 5:19 –21).

ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ? (1യോഹ 5:4,5).

ജയിക്കുന്നവന് ഇത് (പുതിയ യെരുശലേം) **അവകാശമായി ലഭിക്കും**; ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും (വെളി 21:7).

**നിത്യാവകാശത്തിന്റെ അച്ചാരവും മുദ്രയും പ്രാപിച്ചുവോ?**

തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ട് നമ്മുടെ **അവകാശത്തിന്റെ** അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു (എഫെ 1:14).

നിങ്ങളുടെ ഹൃദയം **അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെട്ടിട്ട്** ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. അതു സർവഭൂതലത്തിലും വസിക്കുന്ന ഏവർക്കും വരും. **ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നിൽപാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ** (ലൂക്കൊ 21:34–36).

**നിത്യാവകാശത്തെ സംരക്ഷിക്കാത്തവർ അനുഭവിക്കുവാൻ പോകുന്ന നിത്യശിക്ഷയെക്കുറിച്ച് യേശുക്രിസ്തുവും പൗലൊസ് അപ്പൊസ്തലനും പറഞ്ഞത്:**

നിന്റെ കയ്യോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞുകളക; രണ്ടു കയ്യും രണ്ടു കാലും ഉള്ളവനായി **നിത്യാഗ്നിയിൽ** വീഴുന്നതിനെക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നത് നിനക്കു നന്ന് (മത്താ 18:8).

ഇവർ **നിത്യദണ്ഡനത്തിലേക്കും** നീതിമാന്മാർ **നിത്യജീവങ്കലേക്കും** പോകും (മത്താ 25:46).

പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമ കിട്ടാതെ **നിത്യശിക്ഷയ്ക്കു** യോഗ്യനാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മർ 3:29).

സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു **നിത്യനാശം** എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്സ 1:10).

**പ്രാർത്ഥന**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ **അവകാശത്തിന്റെ മഹിമാധനം** ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കു വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്ന് നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു (എഫെ 1:17–19).

# The Flower of Music Has Lost Yet Another Petal

**Prof. J. Ross Chandran**



